# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. *194 – 05/11/2019 - ലെ മറുപടിക്ക്

## സംസ്ഥാന സമ്പദ് വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുന്ന കേന്ദ്ര നടപടികൾ

ചോദ്യം

ശ്രീ.കെ.സുരേഷ് കുറുപ്പ്
ശ്രീ. സി. കെ. ശശീന്ദ്രൻ
ശ്രീ. ജോർജ് എം. തോമസ്
ശ്രീ. കെ.വി.വിജയദാസ്

ഉത്തരം

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | രാജ്യം നേരിടുന്ന വളർച്ചാ മുരടിപ്പിനോടൊപ്പം കേന്ദ്ര ബജറ്റിൽ തൊഴിലുറപ്പുപോലെ ജനക്ഷേമ പദ്ധതികൾക്കുള്ള വിഹിതം വെട്ടിക്കുറച്ചതും സംസ്ഥാനത്തിന്റെ വികസന ആവശ്യങ്ങൾക്ക് അർഹമായ പരിഗണന നൽകാതിരുന്നതും സംസ്ഥാനത്തിന്റെ വികസനലക്ഷ്യത്തിന് വിഘ്നം സൃഷ്ടിക്കാനിടയുണ്ടോയെന്ന് വ്യക്തമാക്കുമോ; | കേന്ദ്ര സർക്കാർ നേരിടുന്ന സാമ്പത്തിക മുരടിപ്പ് സംസ്ഥാന സർക്കാരിനെയും ബാധിക്കുന്നുണ്ട്. ഇത് സംസ്ഥാനത്തിന്റെ പല മേഖലകളിലും വ്യക്തമായി കാണാൻ സാധിക്കുന്നതാണ്. തൊഴിലുറപ്പ പദ്ധതികൾക്ക് കേന്ദ്ര സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ച തുക കുറവായതിനാൽ അതിന്റെ ആനുപാതിക തുക മാത്രമേ സംസ്ഥാനത്തിന് ലഭ്യമാകുകയുള്ളു. തന്മൂലം തൊഴിൽ ദിനങ്ങളുടെ എണ്ണവും കുറയുന്നുണ്ട്. ആയതിനാൽ തൊഴിലാളികൾക്ക് ലഭിക്കുന്ന വേതനത്തിനും കുറവ് സംഭവിക്കുന്നു. അതുപോലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ മുൻകാലങ്ങളിൽ 100 ശതമാനവും കേന്ദ്രസർക്കാർ നൽകുന്നതുകൂടാതെ 70-80 % കേന്ദ്രവും 20-30 % സംസ്ഥാനത്തും വകയിരുത്തുമായിരുന്നു. ഈ സ്ഥിതിയിൽ കേന്ദ്ര സർക്കാർ മാറ്റം വരുത്തുകയും നാമമാത്രമായ പദ്ധതികൾക്ക് 100% കേന്ദ്രവും മറ്റു കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് 60% ശതമാനം മാത്രം കേന്ദ്രവും 40% സംസ്ഥാന സർക്കാരും വഹിക്കുന്ന സ്ഥിതിയിലായി. പദ്ധതികൾക്കുള്ള അധിക |

| | | |
|---|---|---|
| | | തുക സംസ്ഥാന സർക്കാർ വഹിക്കേണ്ട സ്ഥിതി സംജാതമാക്കിയിട്ടുണ്ട്. ഇത് സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക രംഗത്തെ പ്രതികൂലമായി ബാധിച്ചു. |
| (ബി) | റബ്ബർ, നാളികേരം, തേയില, കാപ്പി തുടങ്ങിയ നാണ്യവിളകൾക്ക് ന്യായവില ഉറപ്പാക്കാൻ പദ്ധതിയില്ലാത്തതും കൃഷി പ്രോത്സാഹനത്തിന് ബജറ്റ് പിന്തുണ നൽകാത്തതും പരമ്പരാഗത വ്യവസായങ്ങളെ അവഗണിച്ചതും സംസ്ഥാന സമ്പദ് വ്യവസ്ഥയെ എത്രമാത്രം പ്രതികൂലമായി ബാധിക്കാനിടയുണ്ടെന്ന് അറിയിക്കാമോ; | റബ്ബർ, നാളികേരം, തേയില, കാപ്പി തുടങ്ങിയ നാണ്യവിളകൾ സംസ്ഥാനത്തിന്റെ സാമ്പത്തിക വ്യവസ്ഥയിൽ ഗണ്യമായ പങ്ക് വഹിക്കുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത കാർഷിക മേഖല 3.64% വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ കാർഷിക മേഖലയിൽ വളർച്ച ഉണ്ടായിട്ടുണ്ടെങ്കിലും നാണ്യ വിളകളുടെ വിലയിടിവും വിലയിൽ ഉണ്ടാകുന്ന അസ്ഥിരതയും കേരളത്തിന്റെ സാമ്പത്തിക വ്യവസ്ഥയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. തുടർച്ചയായി നാണ്യ വിളകൾക്ക് ഉണ്ടാകുന്ന വിലയിടിവും വിലയിൽ ഉണ്ടാകുന്ന അസ്ഥിരതയും കർഷകരുടെ വരുമാനത്തെ ദോഷകരമായി ബാധിക്കുകയും കൃഷിയിൽ താല്പര്യം ഇല്ലാതാക്കുന്ന സാഹചര്യം ഉണ്ടാക്കുകയും ചെയ്യുന്നു. സംസ്ഥാന ഇടപെടലുകളിലൂടെ കർഷകർക്ക് ഉചിതമായ വില ലഭിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്. തന്മൂലമാണ് കാർഷിക-വ്യവസായ മേഖലയിൽ വളർച്ച രേഖപ്പെടുത്തിയത്. മാത്രമല്ല, പരമ്പരാഗത കാർഷിക - വ്യവസായ ഉത്പന്നങ്ങളുടെ ന്യായ വില ഉറപ്പാക്കുന്നതിനായി റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് സ്കീം, പച്ച തേങ്ങ സംഭരണം പോലെയുള്ള വില സ്ഥിരത ഫണ്ട് പദ്ധതികളും ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. |
| (സി) | സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷി ദുർബ്ബലപ്പെടുത്തിയതും വായ്പാ പരിധി കുറച്ചതും വികസന മുരടിപ്പിനിടയാക്കാതിരിക്കാനായി നടത്താൻ ഉദ്ദേശിക്കുന്ന ഇടപെടൽ അറിയിക്കാമോ; | സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷി കുറയുന്നതിന് പ്രധാനമായ കാരണം കേന്ദ്രം നടപ്പിലാക്കിയ ജി.എസ്.ടി സംവിധാനത്തിലെ അപാകതയാണെന്നാണ് കരുതുന്നത്. ഇതിൽ നഷ്ട പരിഹാര തുക യഥാസമയം കേന്ദ്രത്തിൽ നിന്നും ലഭിക്കാത്തത് സംസ്ഥാന സർക്കാരിന്റെ |

| | | |
|---|---|---|
| | | വിഭവ സമാഹരണത്തിൽ പല പ്രശ്നങ്ങൾ സൃഷ്ടിക്കുകയുണ്ടായി. ചില സന്ദർഭങ്ങളിൽ വായ്പ എടുക്കുന്ന തുകയിൽ കേന്ദ്രസർക്കാർ കുറവ് വരുത്തുകയും ചെയ്തിട്ടുണ്ടായിരുന്നു. ഇത് സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ ചില പ്രശ്നങ്ങൾക്ക് ഇടയാക്കി. ഇതിനെ തരണം ചെയ്യുന്നതിനായി സംസ്ഥാനത്തിനകത്തു നിന്ന് തന്നെ വിഭവ സമാഹരണം നടത്താൻ വേണ്ട പരിശ്രമം നടത്തികൊണ്ടേയിരിക്കുന്നു. കൂടാതെ, വികസന പ്രവർത്തനങ്ങൾക്ക് വേണ്ട പരിഗണന നൽകാനും സാധിക്കുന്നുണ്ട്. 2019-20 വാർഷിക പദ്ധതിയിൽ 30610 കോടി രൂപ പദ്ധതിയിനത്തിൽ തന്നെ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതികൾ ഇപ്പോൾ നല്ല രീതിയിൽ സംസ്ഥാനത്തു നടന്നു വരുന്നുണ്ട്. കേന്ദ്ര സർക്കാർ നയം കാരണം സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് ഉണ്ടായിട്ടുള്ള ആഘാതം കുറയ്ക്കുന്നതിനായി 2019-20 ബജറ്റിൽ സ്വയം തൊഴിൽ സൃഷ്ടിക്കുന്നതിനും തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനും കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനും വ്യവസായ മേഖലയുടെ ഉത്തേജനത്തിനായി കോർപ്പറേറ്റ് നിക്ഷേപം ആകർഷിക്കുന്നതിനും ആവശ്യമായ ഊന്നൽ നൽകിയിട്ടുണ്ട്. കൂടാതെ, പശ്ചാത്തല മേഖലയിൽ വൻകുതിപ്പ് ലക്ഷ്യമിട്ടുകൊണ്ട് 45,619.10 കോടി രൂപയുടെ വിവിധ പദ്ധതികൾക്ക് ഇതിനോടകം കിഫ്ബി വഴി അനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | കേന്ദ്ര നയങ്ങൾക്കും നടപടികൾക്കും പുറമെ തുടർ പ്രളയത്തിൽ തകർന്ന നാടിനെ പുന:സൃഷ്ടിക്കാനുള്ള യത്നത്തിന്റെ ഭാഗമായി അവശ്യവസ്തുക്കളെ ഒഴിവാക്കിക്കൊണ്ട് 12%, 18%, 28% നികുതി നിരക്കുള്ള ചരക്കുകളുടെ മേൽ ഒരു ശതമാനം മാത്രം സെസ് ചുമത്താനും ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് സംഭാവനയായി തുക സമാഹരിക്കാനും കിഫ്ബിയെ | എല്ലാ പ്രതിസന്ധികളും തരണം ചെയ്തുകൊണ്ട് വിഭവ സമാഹരണം നല്ല രീതിയിൽ നടത്തുന്നതിനും വികസന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുവാനും സംസ്ഥാന സർക്കാർ പല ശ്രമങ്ങളും നടത്തുന്നുണ്ട്. പ്രളയാനന്തര പുനർ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ലോകബാങ്ക്, ഏഷ്യൻ ഡവലപ്മെന്റ് ബാങ്ക്, KfW എന്നീ വിദേശ സഹായ ഏജൻസികളിൽ നിന്ന് വായ്പ സമാഹരിക്കുന്നതിനുള്ള നടപടികൾ |

| | | |
|---|---|---|
| | ശക്തിപ്പെടുത്താനുമുള്ള ശ്രമങ്ങൾക്ക് തടയിടാൻ നടത്തുന്ന നിരന്തര ശ്രമം അതിജീവിക്കാൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | കൈക്കൊണ്ടുവരികയാണ്. ഇതിന്റെ ഭാഗമായി ലോകബാങ്കിൽ നിന്ന് വികസന നയവായ്പയുടെ ആദ്യ ഗഡുവായി 250 മില്ല്യൺ ഡോളർ (1779.58 കോടി രൂപ) ഈ വർഷം ലഭ്യമായിട്ടുണ്ട്. ജർമൻ ബാങ്കായ KfW-ൽ നിന്നുള്ള വായ്പ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട കരാർ ഒപ്പിടുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. ഇതിനു പുറമേ, കേന്ദ്രസർക്കാരിന്റെ അനുമതിയോടെ ഒരു ശതമാനം പ്രളയ സെസ്സ് ഏർപ്പെടുത്തി വിഭവ സമാഹരണം നടത്തുന്നുണ്ട്. കൂടാതെ, മസാല ബോണ്ട് കിഫ്ബിക്കു വേണ്ടി പുറപ്പെടുവിക്കുകയും ചെയ്തു. ഈ തുക സംസ്ഥാന സർക്കാരിന് ഒരു മുതൽക്കൂട്ട് ആകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**